## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5226

02.07.2013 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകൾ വഴി വിദ്യാഭ്യാസ വായ്പ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ വായ്പകൾ എത്ര ശതമാനം പലിശ നിരക്കിലാണ് നിലവിൽ സഹകരണ ബാങ്കുകൾ വഴി നൽകുന്നത്; | (എ) വിദ്യാഭ്യാസ വായ്പകൾ സഹകരണ ബാങ്കുകളിൽ നിന്നും 12.50% പലിശ നിരക്കിലാണ് നൽകുന്നത്. |
| (ബി) ഷെഡ്യൂൾഡ് ബാങ്കുകൾ വഴി വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിലെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് സഹകരണ ബാങ്കുകൾ വഴി വ്യാപകമായി വിദ്യാഭ്യാസ വായ്പകൾ നൽകാൻ നിർദ്ദേശിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ? | (ബി) സഹകരണ ബാങ്കുകൾ വഴി വിദ്യാഭ്യാസ വായ്പകൾ നൽകണമെന്ന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ